**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 751** **28-06-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്ക് വായ്പ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്തവർക്ക് കോവിഡിന്റെ സാഹചര്യത്തിൽ തിരിച്ചടവിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് എന്തെങ്കിലും ഇളവ് നൽകുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് കോവിഡ് 19 രോഗബാധ ഉണ്ടായതിനെ തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശ പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 01/03/2020 മുതൽ 31/08/2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുതലായ സ്ഥാപനത്തിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, ക്ഷീരവികസനവും, മൃഗ സംരക്ഷണവും ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2021 ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .<br><br>കൂടാതെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കോവിഡ് പശ്ചാത്തലത്തിൽ വിവിധ ഇളവുകളോടെ വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് "നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം എല്ലാ വായ്പകളിലും പിഴ പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി 50% വരെ പലിശയിലും, അർഹരായവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി മുതലിലും ഇളവ് അനുവദിക്കുന്നു. 2021 ആഗസ്റ്റ് 16- ന് ഒന്നര മാസക്കാലയളവിലേക്ക് ആരംഭിച്ച ടി പദ്ധതി വായ്പാക്കാർക്ക് പരമാവധി പ്രയോജനം ലഭ്യമാക്കുന്നതിനായി തുടർന്ന് വരുന്നു. നിലവിൽ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ കാലാവധി 2022 ജൂൺ 30 വരെയാണ്.<br><br>കോവിഡ് മൂലം ദുരിതമനുഭവിക്കുന്ന വായ്പാക്കാർക്ക് സംസ്ഥാന സഹകരണ ബാങ്കിലും, മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും 30.06.2022 വരെ നടപ്പിലാക്കുന്നതിനായി അംഗീകരിച്ച് നൽകിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നിരവധിയായ ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോവിഡ് മൂലം ദുരിതമനുഭവിക്കുന്ന വായ്പക്കാർക്ക് സംസ്ഥാന സഹകരണ ബാങ്കിൽ RBI Resolution Frame Work 2.0 അനുസരിച്ച് സ്റ്റാന്റേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പാക്കാർക്ക് മൊറട്ടോറിയം, റീസ്ട്രക്ച്ചറിംഗ് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള Recovery Management Policy Compromise Settlement Scheme പ്രകാരവും കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നൽകി വരുന്നു. |
| (ബി) | സഹകരണ ബാങ്കുകൾ ജപ്തി നടപടിയിലേക്ക് പോകുന്നത് വായ്പ എടുത്തവർക്ക് വളരെയധികം മാനസിക പ്രശ്നം സൃഷ്ടിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>വായ്പ കുടിശ്ശികയുള്ളവരും, ജപ്തിനടപടികൾ നേരിടുന്നവരുമായ വായ്പാക്കാർക്കായി കേരള സംസ്ഥാന സഹകരണ ബാങ്കിലും, മലപ്പുറം ജില്ലാ സഹകരണ ബാങ്കിലും, മറ്റ് സഹകരണ സംഘം/ബാങ്കുകളിലും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയിലൂടെ വായ്പാക്കാർക്ക് പരമാവധി ഇളവുകൾ ലഭ്യമാക്കി വായ്പാ കുടിശ്ശിക തീർത്ത് ജപ്തി നടപടികൾ ഒഴിവാക്കാവുന്നതാണ്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്കിൽ RBI Resolution Frame Work 2.0 അനുസരിച്ച് സ്റ്റാന്റേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പാക്കാർക്ക് മൊറട്ടോറിയം, റീസ്ട്രക്ച്ചറിംഗ് അനുവദിച്ച് നൽകിയിട്ടുള്ളതും Recovery Management Policy Compromise Settlement Scheme പ്രകാരവും കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നൽകിവരുന്നു. |
| (സി) | കോവിഡ് വ്യാപനത്തെത്തുടർന്ന് ജോലി നഷ്ടപ്പെട്ടതുമൂലം വായ്പ എടുത്തവർക്ക്തി രിച്ചടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോവിഡ് വ്യാപനത്തെത്തുടർന്ന് ജോലി നഷ്ടപ്പെട്ടതുമൂലം വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിയ്ക്കാത്തവർ ഉൾപ്പെടെയുള്ള വായ്പാ കുടിശ്ശികകാർക്ക് പരമാവധി ആശ്വാസം |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2021 ആഗസ്റ്റ് 16-ന് ആരംഭിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ 2022 ജൂൺ 30 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്കിൽ RBI Resolution Frame Work 2.0 അനുസരിച്ച് സ്റ്റാന്റേർഡ് കാറ്റഗറിയിൽപ്പെട്ട വായ്പാക്കാർക്ക് മൊറട്ടോറിയം, റീസ്ട്രക്ചറിംഗ് അനുവദിച്ച് നൽകിയിട്ടുള്ളതും Recovery Management Policy Compromise Settlement Scheme പ്രകാരവും കുടിശ്ശിക വായ്പകൾ ഇളവുകളോടെ തീർപ്പാക്കി നൽകിവരുന്നു |

സെക്ഷൻ ഓഫീസർ